VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(i) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 23-ാമത് റിപ്പോർട്ട്

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 23-ാം മത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതി അദ്ധ്യക്ഷനുവേണ്ടി അംഗമായ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 23-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(ii) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

1. മായം ചേർക്കൽ തടയുന്നതിന് നടപടി

(2014 ജൂൺ 20-ാം തീയതി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം)

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത പ്രയോഗംമൂലം നമുക്കുണ്ടാകുന്ന രോഗങ്ങൾ ഏതൊക്കെ തരത്തിലാണെന്നുള്ളത് പറയാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്, നമ്മുടെ രാജ്യത്ത് പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനങ്ങളിൽ ഉപയോഗിക്കുന്ന അമിതമായ കീടനാശിനികളുടെ ഉപയോഗം തന്നെയാണ്. നിയമസഭയിൽ 24-7-2015-ൽ ബഹുമാന്യനായ മന്ത്രി, പായ്ക്കറ്റിൽ ലഭിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും പച്ചക്കറികളിലുമുൾപ്പെടെ എല്ലാ ബ്രാന്റഡ് ഭക്ഷ്യ ഉൽപ്പന്നങ്ങളിലും വിഷാംശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് അങ്ങനെ കണ്ടെത്തിയിട്ടുണ്ട് എന്ന മറുപടിയാണ് ഉത്തരമായി തന്നിട്ടുള്ളത്. ബ്രാന്റഡ് ആയിട്ടുള്ള ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ മാത്രമല്ല, നമ്മുടെ കൃഷി രീതികളിൽത്തന്നെ കാര്യമായ മാറ്റമുണ്ടാകുന്നില്ലായെങ്കിൽ ഈ വിപത്തിൽനിന്ന് നമ്മുടെ രാജ്യത്തിന് മോചനം പ്രാപിക്കാൻ കഴിയാത്ത ഗുരുതരമായ സാഹചര്യങ്ങളിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്

LIBRARY ARCHIVES Kerala Legislative Assembly